ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ താഴെ പറയുന്ന ടൂറിസം പദ്ധതികൾക്ക്, കോഴിക്കോട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് ടൂറിസം വകുപ്പ് ധനസഹായം നൽകുകയുണ്ടായി.

1. ബോട്ട് ക്ലബിന്റെ വികസനം (കളിപൊയ്ക)
2. കാപ്പാട് ബീച്ച് റിസോർട്ടിന്റെ സൗന്ദര്യവൽക്കരണം.
3. അക്വേറിയത്തിന്റെ വികസനം.
4. ഹൗസ്ബോട്ടിന്റെ നിർമ്മാണം.
5. തുഷാരഗിരിയുടെ വികസനം.
6. അഡ്വാട്ടിക് റിക്രിയേഷൻ സെന്റർ.

കൂടാതെ ഒരു യാത്രിനിവാസിന്റെ നിർമ്മാണവും നടന്നുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് 'സ്വപ്നനഗരി' എന്ന പദ്ധതിയും ആരംഭിക്കുന്നതാണ്.

(ബി) ജില്ലയിലെ ടൂറിസം വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക, ജില്ലയിലെ ടൂറിസം പ്രവർത്തനങ്ങൾക്കു പ്രോത്സാഹനം നൽകുക തുടങ്ങിയവയാണ് മുഖ്യമായും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ ചെയ്യുന്നത്.

157 (2472) സംസ്ഥാനത്തും ഫിഷ്വേൾഡ് പദ്ധതി നടപ്പാക്കാൻ നടപടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈദരാബാദിൽ രൂപം നൽകുന്ന ഫിഷ്വേൾഡിന്റെ മാതൃകയിൽ സംസ്ഥാനത്തും അത്തരമൊരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഇത്തരം പദ്ധതി വിനോദസഞ്ചാര വികസനത്തിന് ഒരു മുതൽക്കൂട്ടായിരിക്കുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(സി) ഇപ്രകാരമുള്ള ഒരു പദ്ധതിക്ക് രൂപം നൽകുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ ആലോചനയിലില്ല.

(ബി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(സി) വേളിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഓഷനേറിയം സ്ഥാപിക്കാനുദ്ദേശമുണ്ട്. അതിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly